# പതിനാലാം കേരള നിയമസഭ

# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5122 — 23/03/2018 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. അംഗങ്ങളായവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് മാനദണ്ഡങ്ങളിൽ മാറ്റം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ തൊഴിലാളികൾക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവ എന്തെന്ന് വിശദമാക്കാമോ; | (ബി) | ഇ.എസ്.ഐ ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ലഭിക്കേണ്ട അർഹത സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങളിൽ ഇ.എസ്.ഐ കോർപ്പറേഷൻ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തിയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നും രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും ടി കാലയളവിൽ ഏതെങ്കിലും രണ്ട് അംശാദായ കാലയളവിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന വ്യവസ്ഥ ഇ.എസ്.ഐ കോർപ്പറേഷൻ നിശ്ചയിച്ചു. ഈ സാഹചര്യത്തിൽ 2 വർഷത്തിൽ താഴെ സർവ്വീസുള്ള ഗുരുതരമായ അസുഖങ്ങളുള്ള |

| | | | |
|---|---|---|---|
| | | | ഇ.എസ്.ഐ ഗുണഭോക്താക്കൾക്കും കശുവണ്ടി മേഖലയിലടക്കം സീസണൽ ആയി തൊഴിൽ ലഭിക്കുന്ന തൊഴിലാളികൾക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും വിദഗ്ദ്ധ ചികിത്സാസേവനം ഇ.എസ്.ഐ ആനുകൂല്യം വഴി ലഭിക്കാൻ തടസ്സമുണ്ടാകുന്നു.<br>അടിയന്തിര സാഹചര്യങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സക്ക് ഐ.പി. അടുത്തുള്ള സർക്കാർ ആശുപത്രികളിലോ പ്രൈവറ്റ് ആശുപത്രികളിലോ ചികിത്സിച്ചാൽ ചെലവാകുന്ന തുക റീ-ഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കില്ല.<br>30.08.2014-നു ശേഷം രജിസ്റ്റർ ചെയ്ത തൊഴിലാളി, രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് കാൻസർ, വൃക്കരോഗ ബാധിതനാണെങ്കിൽ പ്രസ്തുത രോഗങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുകയില്ല.<br>സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീം പാക്കേജിൽ ഉൾപ്പെടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ ചികിത്സാച്ചെലവ് വരികയാണെങ്കിൽ ഇ.എസ്.ഐ ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ആവശ്യമുണ്ട്. |
| (സി) | ഇ.എസ്.ഐ അംഗങ്ങളായ രണ്ടായിരത്തിലേറെ തൊഴിലാളികളുടെ, അതിവിദഗ്ധ ചികിത്സക്ക് വിധേയരായതിന്റെ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തിരിച്ചയച്ചിട്ടുണ്ടോ; | (സി) | 1997 തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | കാരണം വ്യക്തമാക്കാതെയാണ് ഇ.എസ്.ഐ കോർപ്പറേഷൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ചത്. |
| (ഇ) | തൊഴിലാളികൾക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഇ) | തൊഴിലും എക്സൈസും വകുപ്പ് മന്ത്രി 2017 ഡിസംബർ മാസം ബഹു. കേന്ദ്ര തൊഴിലും എംപ്ലോയ്മെന്റും വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്യുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരുമായി ആലോചിക്കാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ച നടപടിയിൽ സർക്കാരിന്റെ അതൃപ്തി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ തൊഴിലും നൈപുണ്യവും വകുപ്പ് |

| | | | |
|---|---|---|---|
| | | | അഡീഷണൽ ചീഫ് സെക്രട്ടറി അർദ്ധ ഔദ്യോഗിക കത്തു മുഖേന അറിയിക്കുകയും തീരുമാനം പുനഃപരിശോധിക്കണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 22.01.2018 ൽ ചേർന്ന ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ബോർഡ് യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറോട് അനുകൂല നിലപാട് സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും എമർജൻസി സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും സ്വീകരിക്കുന്നതിന് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ച് ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും ഇ.എസ്.ഐ കോർപ്പറേഷൻ അനുകൂല തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ